ശ്രീ. കെ. കരുണാകരൻ : ഓപ്പറേഷന് ഉപയോഗിക്കുന്ന മെറ്റീരിയൽസ് നന്നായി സ്റ്റെർലൈസ് ചെയ്തു മാത്രമേ ഉപയോഗിക്കാവൂ. ഏതെങ്കിലും വിധത്തിൽ അശ്രദ്ധകൊണ്ട് വല്ലതും സംഭവിച്ചിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കാം. ഹോസ്പിറ്റലിലെ എക്വിപ്മെന്റ്സുകളെ സംബന്ധിച്ചിടത്തോളം അവ കേടുകൂടാതെ സൂക്ഷിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കേടുപറ്റിയ ഉപകരണങ്ങൾ ഉപേക്ഷിച്ചാലും വിരോധമില്ലായെന്ന് അവരെ അറിയിച്ചിട്ടുണ്ട്.

ശ്രീ. വി. സി. കബീർ : വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ് എനിക്ക് മുഖ്യമന്ത്രിയോട് ചോദിക്കുവാനുള്ളത്. മുഖ്യമന്ത്രി ഇവിടെ ഒരു ഉപചോദ്യത്തിന് മറുപടി പറഞ്ഞപ്പോൾ രാജ്യം മുഴുവൻ സ്പെറിലെ സെന്റർ ക്യാമ്പുകൾ നടക്കുന്നതായി പറഞ്ഞു. അങ്ങനെ നടന്ന ഒരു കേസിൽ ഒരു സഹോദരി വീണ്ടും ഗർഭിണിയായി. ആ കുട്ടിക്ക് പെൻഡിന് കൊടുക്കേണ്ടത് ഡോക്ടറാണോ അതോ അത് സ്റ്റേറ്റ് ഗവൺമെന്റിന്റെ ബാദ്ധ്യതയാണോ ? അതിനെ സംബന്ധിച്ച പരാതി മുഖ്യമന്ത്രിക്ക് കൊടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച് വ്യക്തമായ തീരുമാനം ഉണ്ടാകണം. ഇതിന് ഉത്തരവാദി ആരാണ് ?

ശ്രീ. കെ. കരുണാകരൻ : ആരാണോ അതിനുത്തരവാദി അയാളെ കൊടുത്താൽ മതി.

മി. സ്പീക്കർ : മി. കബീർ ! ദയവായി മുഖ്യമന്ത്രിയെ ഇതിലേക്ക് വലിച്ചിഴയ്ക്കരുത്.

അംഗനവാടികൾ

* 109. [114] ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ :
,, കെ. പി. എ. മജീദ് :
,, കെ. പി. രാമൻ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര അംഗനവാടികൾ ഉണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) അംഗനവാടി അനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്താണ് ;

(സി) അംഗനവാടിയിൽ അദ്ധ്യാപകൻമാരെ നിയമിക്കുന്നതിന് എന്തു മാനദണ്ഡമാണുള്ളത് ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) സംസ്ഥാനത്തെ 61 ഐ. സി. ഡി. എസ്. പ്രോജക്ടുകളിലായി 7230 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു:

തിരുവനന്തപുരം	678
കൊല്ലം	769
പത്തനംതിട്ട	112
ആലപ്പുഴ	1000
ഇടുക്കി	305

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം	317
എറണാകുളം	447
തൃശ്ശൂർ	517
പാലക്കാട്	551
മലപ്പുറം	796
കോഴിക്കോട്	701
വയനാട്	402
കണ്ണൂർ	458
കാസർഗോഡ്	177

(ബി) പ്രൊജക്ട് പ്രദേശത്തുള്ള എല്ലാ മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും കുട്ടികൾക്കും പദ്ധതിയുടെ കീഴിലുള്ള സേവനങ്ങൾ ലഭ്യമാക്കത്തക്കവിധം, സ്ഥലപ്രകൃതി, ജനവാസ സ്വഭാവം മുതലായ പ്രാദേശിക ഘടകങ്ങൾ കണക്കിലെടുത്താണ് അംഗനവാടികൾ സ്ഥാപിക്കുന്നത്. പൊതുവായി ഗ്രാമപ്രദേശങ്ങളിലും പട്ടണപ്രദേശങ്ങളിലുമുള്ള പ്രൊജക്ടുകളിൽ 1,000 ജനസംഖ്യയ്ക്ക് ഒരു അംഗനവാടി എന്ന തോതിലും ഗിരിവർഗ്ഗ പ്രൊജക്ടുകളിൽ 700-ന് ഒന്ന് എന്ന കണക്കിലും അംഗനവാടികൾ സ്ഥാപിച്ചുവരുന്നു.

(സി) അംഗനവാടി സ്ഥിതിചെയ്യുന്ന വില്ലേജിലേയോ പഞ്ചായത്തിലേയോ 21-നും 45-നും ഇടയ്ക്ക് പ്രായമുള്ളവരും തദ്ദേശവാസികൾക്ക് സമ്മതരുമായ സ്ത്രീകളെയാണ് അംഗനവാടി അദ്ധ്യാപിക (വർക്കർ) മാരായി നിയമിക്കുന്നത്. ഇവർക്ക് എസ്. എസ്. എൽ. സി. പരീക്ഷാ യോഗ്യത അഭിലഷണീയമാണ്. എന്നാൽ എസ്. എസ്. എൽ. സി. പാസ്സായിട്ടില്ലാത്തവരേയും തെരഞ്ഞെടുക്കാവുന്നതാണ്.

ശ്രീ. എം. പി. എം. ഇസ്ഹാക്: ആയിരം പേർക്ക് ഒരു അംഗൻവാടി എന്ന മാനദണ്ഡമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കി. ആയിരം പേർക്ക് ഒരു അംഗൻവാടി എന്ന തോതിൽ മുനിസിപ്പൽ പ്രദേശത്തും സ്ഥാപിക്കുന്നതിന് ഗവൺമെന്റ് ശ്രമിക്കുമോ ?

ശ്രീമതി എം. കമലം: മഞ്ചേരി മുനിസിപ്പൽ ബ്ലോക്കിലും മറ്റും ഇങ്ങനെയുള്ള ആവശ്യമുണ്ടെന്ന് ഗവൺമെന്റിന്നറിയാം. അത് തീർച്ചയായും പരിഗണിക്കുന്നതാണ്.

ശ്രീ. എം. പി. എം. ഇസ്ഹാക്: നമ്മുടെ അംഗൻവാടിയിലുള്ള കുട്ടികളുടേയും അദ്ധ്യാപകരുടേയും ജീവൻ അപകടത്തിലാണെന്നു പറഞ്ഞാൽ തെറ്റില്ല. ചെറിയ ചെറിയ, താൽക്കാലികമായി കെട്ടിയ ഷെഡ്ഡുകളിലാണ് ഗ്രാമപ്രദേശങ്ങളിലുള്ള അംഗൻവാടികൾ പ്രവർത്തിക്കുന്നത്. അവിടുത്തെ കുട്ടികളുടേയും അദ്ധ്യാപകരുടേയും സുരക്ഷിതത്വത്തിനു വേണ്ടി നാട്ടുകാർ സംഭാവന ചെയ്ത സ്ഥലങ്ങളിൽ സർക്കാർ ചെലവിൽ കെട്ടിടങ്ങൾ നിർമ്മിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ നടപ്പാക്കുമോ ?

ശ്രീമതി എം. കമലം: അംഗൻവാടികൾക്കുള്ള കെട്ടിടങ്ങൾ നാട്ടുകാർ മുൻകൈയെടുത്ത് കെട്ടിക്കൊടുക്കുകയാണ് ചെയ്യുന്നത്. പല പ്രദേശങ്ങളിലും ചെറിയ ചെറിയ ഷെഡ്ഡുകളിലോ അല്ലെങ്കിൽ വീടുകളുടെ ഒരു ഭാഗത്തോ ആയിട്ടാണ് നടത്തുന്നത്. ഇതിലേക്ക് ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ചു വരുന്നുണ്ട്. കുറെ സ്ഥലങ്ങളിൽ ഉറപ്പുള്ള കെട്ടിടങ്ങൾ കെട്ടിക്കൊടുക്കാനുള്ള ശ്രമം സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും കൂടി യോജിച്ചു നടപ്പാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. എ. മജീദ് : ഐ. സി. ഡി. എസ്. പ്രോജക്ടും അംഗീകരിക്കാത്ത ഏതെല്ലാം ബ്ലോക്കുകളിൽ അടുത്ത സാമ്പത്തികവർഷം അത് ആവിഷ്ക്കരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ?

ശ്രീമതി എം. കമലം : ഐ. സി. ഡി. എസ്. പ്രോജക്ടുകൾ ആരംഭിക്കാത്ത ബ്ലോക്കുകളിലേക്ക് പുതുതായി ഐ. സി. ഡി. എസ്. അനുവദിച്ചു തരുന്നതിനുള്ള അപേക്ഷ കേന്ദ്ര ഗവൺമെന്റിലേക്ക് സമർപ്പിച്ചു വരുന്നുണ്ട്. 12 ബ്ലോക്കുകളുടെ പേരുകൾ ഗവൺമെന്റിന്റെ മുമ്പിലുണ്ട്. അവരുടെ നിർദ്ദേശം കിട്ടിയാൽ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

ശ്രീ. കെ. പി. രാമൻ : അംഗൻവാടി വർക്കർമാരിൽ എസ്.എസ്.എൽ.സി. പാസ്സായവർക്കും എസ്. എസ്. എൽ. സി. പാസ്സാകാത്തവർക്കും ഓണറേറിയം എന്ന നിലയിൽ നൽകുന്ന സംഖ്യ വ്യത്യസ്തമായ നിരക്കിലാണ്. ഒരേ ജോലി ചെയ്യുന്ന ഈ വിഭാഗക്കാർക്ക് തുല്യവേതനം നൽകുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീമതി എം. കമലം : എസ്. എസ്. എൽ. സി. പാസ്സായവർക്ക് ഓണറേറിയം ആയി 250 രൂപ കൊടുക്കുന്നുണ്ട്. എസ്. എസ്. എൽ. സി. പാസ്സാകാത്തവർക്ക് 200 രൂപയേ കൊടുക്കുന്നുള്ളൂ. ഇതെല്ലാം കൃത്യമായി പറഞ്ഞാൽ ഒരു മാർഗ്ഗനിർദ്ദേശപത്രികയുടെ അടിസ്ഥാനത്തിലാണ്. അത് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരമാണ്.

ശ്രീ. കെ. പി. രാമൻ : തിരൂരങ്ങാടി ബ്ലോക്കിന്റെ കീഴിൽ ആരംഭിക്കാനുദ്ദേശിക്കുന്ന അംഗൻവാടിയുടെ പ്രവർത്തനം എത്രമാത്രമായി ; അത് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കും എന്നു പറയാമോ ?

ശ്രീമതി എം. കമലം : ഞാൻ ഇവിടെ പ്രസ്താവിച്ച 61 ബ്ലോക്കുകളുടെ പുറമെയാണ് തിരൂരങ്ങാടി ബ്ലോക്ക് വരുന്നത്. ആറ് ബ്ലോക്കുകൾകൂടി പുതുതായി അനുവദിച്ചു കിട്ടിയിട്ടുണ്ട്. അതിന്റെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. വളരെ പെട്ടെന്ന് നിയമനം നടത്തി പ്രവർത്തനം ആരംഭിക്കുന്നതാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : മലബാർ പ്രദേശത്ത് ഇന്ത്യാ പോപ്പുലേഷൻ പ്രോജക്ട് അനുസരിച്ചുള്ള പല രോഗപ്രതിരോധ പരിപാടികളും നടക്കുന്നുണ്ട്. അതും അംഗൻവാടികളും സംയോജിപ്പിച്ച് നടത്തുകയാണെങ്കിൽ കൂടുതൽ പ്രയോജനം ചെയ്യും. ഈ കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

ശ്രീമതി എം. കമലം : ഐ. പി. പി. പ്രോജക്ടുകൾ ആരോഗ്യവകുപ്പിന്റെ കീഴിലുള്ളതാണ്. ഐ.സി.ഡി. എസിന്റെ പ്രവർത്തനം യഥാർത്ഥത്തിൽ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ടതും അതിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്നതുമാണ്. ഇമ്മ്യൂണൈസേഷൻ, ഫാമിലി വെൽഫെയർ തുടങ്ങിയ പരിപാടികളിൽ അംഗൻവാടി വർക്കേഴ്സും ഹെൽപ്പേഴ്സും സഹകരിക്കുന്നുണ്ട്. പിന്നെ യോജിപ്പിച്ചുകൊണ്ടുപോകുന്നത് നയപരമായ ഒരു കാര്യമാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : നഗരസഭയിൽ ഇപ്പോൾ വാർഡ്തോറും അംഗൻവാടികളുണ്ട് അങ്ങനെയുള്ള നഗരസഭയിലുള്ള അംഗൻവാടികളിൽ ഡോക്ടർമാരുടെ സേവനം ആവശ്യമാണ്. അങ്ങനെയുള്ള നഗരസഭകളിൽ ഡോക്ടർമാരുടെ സേവനം എത്തിച്ചുകൊടുക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എം. കമലം : എല്ലാ ഐ. സി. ഡി. എസിലും ഡോക്ടർമാർ ഉണ്ട്. സംസ്ഥാനതലത്തിൽ ഒരു കൺസൽട്ടന്റും ഓരോ ബ്ലോക്കിലും പ്രത്യേകം പ്രത്യേകം ഡോക്ടർമാരും ഉണ്ട്. അവരുടെ ശ്രദ്ധ പതിയുന്നില്ലെങ്കിൽ അതിന് പ്രത്യേകം നോട്ടീസ് തന്നാൽ പരിശോധിക്കാം.

ശ്രീ. എം. എം. ഹസ്സൻ : ഐ. സി. ഡി. എസ്. പ്രോജക്ടിന്റെ ഫലമായിട്ട് നമ്മുടെ സംസ്ഥാനത്ത് ശിശുമരണ നിരക്ക് തടഞ്ഞുനിറുത്തുവാൻ സാധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് എത്ര മാത്രം പുരോഗതി ഈ കാര്യത്തിൽ ഉണ്ടായിട്ടുണ്ട് ; തീരപ്രദേശത്തെ രക്തതാതിസാരം തടയുന്നതിന് ഫലപ്രദമായി ഇതു പ്രയോജനപ്പെട്ടിട്ടുണ്ടോ ?

ശ്രീമതി എം. കമലം : ബാലമരണനിരക്ക് ഇൻഡ്യയിൽ ആയിരത്തിന് 115 ആണ് ; നമ്മുടെ സംസ്ഥാനത്ത് 1981-ലെ കണക്കുപ്രകാരം 1000ത്തിന് 40 ആയി മരണനിരക്കു കുറഞ്ഞിട്ടുണ്ട്. ഐ. സി. ഡി. എസ്. പ്രവർത്തനത്തിന്റെ ഫലമായി ബാലമരണ നിരക്ക് വളരെയേറെ കുറഞ്ഞിട്ടുണ്ട്. ഉദാഹരണമായി ചപ്പറ ബ്ലോക്കിൽ 1000-ന് 20 കുട്ടികളും മാത്രമേ മരിക്കുന്നുള്ളു. ബാലമരണം മാത്രമല്ല മാരകമായ രോഗങ്ങളും, രക്തതാതിസാരം തുടങ്ങിയവയുടെ പ്രതിരോധത്തിനും നടപടിയുണ്ട്. ബഹുമാനപ്പെട്ട കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് മിനിസ്റ്റർ പറഞ്ഞു, വൈപ്പിൻ പ്രദേശങ്ങളിൽ രക്തതാതിസാരം ഇല്ല എന്ന്. മലപ്പുറത്തെ വേങ്ങര ബ്ലോക്കിലും പരിസരപ്രദേശങ്ങളിലും എല്ലാം പല മാരകരോഗങ്ങളും ഉണ്ടായിട്ടുണ്ട്. എങ്കിലും പകർച്ച രോഗങ്ങളോ മാരകരോഗങ്ങളോ ഗർഭിണികൾക്കും കുട്ടികൾക്കും ഉണ്ടായിട്ടില്ല എന്ന് കോഴിക്കോട് മെഡിക്കൽ കോളേജിലെ കണക്കുകൾ വ്യക്തമാക്കുന്നു.

ശ്രീ. സി. ടി. കൃഷ്ണൻ : കുട്ടികളെ പഠിപ്പിക്കുന്ന അംഗൻവാടി കേന്ദ്രങ്ങളിലെ കെട്ടിടത്തിന്റെ ബുദ്ധിമുട്ടുകൾ ഇവിടെ പറഞ്ഞു. നാട്ടിൻപുറത്ത് ഗവൺമെന്റ് കെട്ടിടങ്ങൾക്ക് വാടക നൽകുന്നുണ്ടെന്ന് മനസിലാക്കുന്നു. ആദിവാസി കേന്ദ്രങ്ങളിലും അതുപോലെ പിന്നോക്കപ്രദേശങ്ങളിലും പാവപ്പെട്ട ആളുകൾ താമസിക്കുന്ന പ്രദേശത്ത് വാടകകൊടുക്കാനുള്ള ഫണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. പ്രത്യേകിച്ചും കെട്ടിടങ്ങൾ ഇല്ലാത്തതുകൊണ്ട് വളരെ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. തുടങ്ങിയ സ്കീമുകളിൽ ഉൾപ്പെടുത്തി അംഗൻവാടികൾക്കു കെട്ടിടം നിർമ്മിക്കുന്നതിന് ഒരു പ്രത്യേക പദ്ധതി ഗവൺമെന്റ് തയ്യാറാക്കുമോ ?

ശ്രീമതി എം. കമലം : മി. കൃഷ്ണൻ ഉന്നയിച്ചത് സ്വാഗതാർഹമായ ഒരു നിർദ്ദേശമാണ്. നഗരപ്രദേശങ്ങളിൽ 100 രൂപ വാടക കൊടുക്കുന്നുണ്ട്. അതേസമയം ഗ്രാമപ്രദേശത്തും ആദിവാസി കേന്ദ്രങ്ങളിലും എല്ലാം ചിലപ്പോൾ നാട്ടുകാർ, ചിലപ്പോൾ വോളന്ററി ഓർഗനൈസേഷനുമായി ചേർന്നാണ് കെട്ടിടം ഉണ്ടാക്കുന്നത്. വളരെ അത്യാവശ്യമായിട്ടുള്ള ഒരു കാര്യത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഓർമ്മപ്പെടുത്തിയത്. ഗവൺമെന്റ് ഈ കാര്യം വളരെ ഗൗരവമായി ആലോചിച്ചുവരികയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : ഐ. സി. ഡി. എസ്. പ്രോജക്ടുകളിൽ സൂപ്പർവൈസർമാരെ മുഴുവൻ പോസ്റ്റു ചെയ്തിട്ടില്ലെന്നുള്ള ഒരു പരാതി കേട്ടു. അതു ശരിയാണെങ്കിൽ എത്രയും വേഗം സൂപ്പർവൈസർമാരെ നിയമിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി എം. കമലം : നമ്മുടെ സംസ്ഥാനത്ത് ആകെ വേണ്ടത് 351 സൂപ്പർവൈസർമാരാണ്. 195 പേരെയേ നിയമിച്ചിട്ടുള്ളു. ഒരു പ്രോജക്റ്റിൽ 5 സൂപ്പർവൈസർമാർ വേണം. കണക്കനുസരിച്ച് 156 പേരെക്കൂടി നിയമിക്കാനുണ്ട്. ഇവരെ മുഴുവനും നിയമിച്ചാലേ കേന്ദ്രഗവൺമെന്റ് നമ്മോട് കൂടുതൽ ദയ കാണിക്കുകയുള്ളു; കൂടുതൽ പ്രോജക്ടുകൾ തരികയുള്ളു. അതിനുള്ള നടപടികളെടുത്തുവരികയാണ്.

[ശ്രീമതി കെ. ആർ. ഗൗരി : അംഗൻവാടികൾ സെലക്ട് ചെയ്യുന്നതിന് ചില മാനദണ്ഡങ്ങളുണ്ടെന്ന് പറഞ്ഞു. പത്താം ക്ലാസ് പാസായവരും പത്താം ക്ലാസ് പാസാകാത്തവരും ഉണ്ടെന്നും അവരെ ആറുമാസത്തെ ട്രെയിനിംഗ് കഴിഞ്ഞശേഷമാണ് നിയമിക്കുന്നത് എന്നും പറഞ്ഞു. അങ്ങനെയുള്ളവരെയാണ് ഇപ്പോൾ ബാലവാടിയും അംഗൻവാടിയും കൂടി യോജിപ്പിച്ചപ്പോൾ പിരിച്ചുവിടാൻ തീരുമാനമെടുത്തിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ പല സ്ഥലങ്ങളിലും ആയിരം ജനസംഖ്യയ്ക്ക് ഒരു അംഗൻവാടി എന്ന തത്വം നടപ്പിലാക്കാത്തിടത്ത് ഇനിയും പുതുതായി നടപ്പിലാക്കി പിരിച്ചുവിട്ട ആളുകളെ അടുത്ത അംഗൻവാടിയിൽ നിയമിക്കുന്നതിനുള്ള നടപടിയെടുക്കുമോ ?

ശ്രീമതി എം. കമലം : ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാലവാടിയും അംഗൻവാടിയും യോജിപ്പിച്ചതിന്റെ ഫലമായി 54 അംഗൻവാടി പ്രോജക്ടുകളിലായി 909 പേരെ നമ്മൾ എടുക്കണം. അത് 11 ബ്ലോക്കുകളെ ബാധിച്ചിട്ടുണ്ട്. ചവറയിൽ 6 വർക്കർമാരും 6 ഹെൽപ്പർമാരും ഉണ്ട്. അതുപോലെ തൈക്കാട്ടുശ്ശേരി, പട്ടണക്കാട്, അമ്പലപ്പുഴ, ഇടുക്കി, ശ്രീകൃഷ്ണപുരം, മഞ്ചേരി, മുതുകുളം, അന്തിക്കാട്, ളാലം, വടകോട് തുടങ്ങിയ ബ്ലോക്കുകളിലാണ് അംഗൻവാടികൾ ആക്കുന്നതു മൂലം ബാലവാടിയിലുള്ളവരെ പിരിച്ചുവിടേണ്ടി വന്നത്. അവരെ പിരിച്ചുവിടാനുള്ള നടപടികൾ എന്റെ ശ്രദ്ധയിൽപ്പെട്ടപ്പോഴൊക്കെ ഞാൻ അതു തടഞ്ഞുവയ്ക്കുകയും, ആയിരം പോപ്പുലേഷന് ഒന്ന് എന്ന തോതിൽ സെന്ററുകൾ വർദ്ധിപ്പിച്ച് അവരെ തിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. പട്ടണക്കാട്, ചവറ, തൈക്കാട്ടുശ്ശേരി, അമ്പലപ്പുഴ, മുതുകുളം, വടകോട് ഇത്രയും ബ്ലോക്കുകളിൽ മുഴുവനായി അവരെ തിരിച്ചെടുത്തുകഴിഞ്ഞു. ളാലം, അന്തിക്കാട് തുടങ്ങിയ ബ്ലോക്കുകളിൽ പിരിച്ചുവിട്ടിട്ടുണ്ട്. അന്തിക്കാട്, പത്തുപേരെ പിരിച്ചുവിട്ടിട്ടുണ്ട്. ളാലത്ത് 20 പേരെ പിരിച്ചുവിട്ടിട്ടുണ്ട്. ളാലത്തുള്ളവരെ മാടപ്പള്ളിയിൽ പുതുതായി തുടങ്ങിയ സ്ഥലത്ത് എടുക്കുവാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അന്തിക്കാടുനിന്നും പിരിച്ചുവിട്ടവരെ തളിക്കുളം താലൂക്കിൽ എടുക്കാൻ നിർദ്ദേശിച്ചുകഴിഞ്ഞു. ആയിരം ജനസംഖ്യക്ക് ഒന്ന് എന്ന തോതിൽ എവിടെയൊക്കെ യൂണിറ്റുകൾ ഉണ്ടാക്കാമോ അവിടെയെല്ലാം യൂണിറ്റുകളുണ്ടാക്കി പിരിച്ചുവിട്ടവരെ നിയമിക്കും. അതു കഴിഞ്ഞു ബാക്കിയുള്ളവരുണ്ടെങ്കിൽ അടുത്തുള്ള ബ്ലോക്കുകളിൽ അവരെ നിയമിക്കും. പിരിച്ചുവിടുന്ന പ്രശ്നമേയില്ല.

ചോദ്യം 31-ന്റെ ഉപചോദ്യം

ശ്രീ. വി. ജെ. തങ്കപ്പൻ : സർ ചോദ്യം 31-ന്റെ ഉപചോദ്യത്തിന്റെ ഉത്തരത്തിൽ എസ്. ആർ. ഒ. 1587/84 അനുസരിച്ച് റൂംസിൽ ഭേദഗതി വരുത്തിയിട്ടില്ലെന്നും എഡ്യൂക്കേഷൻ ആക്ട് ആൻഡ് റൂംസിൽ 28-ാം അദ്ധ്യായത്തിൽ റൂൾ 3 അനുസരിച്ച് ട്രെയിനിംഗ് വിദ്യാർത്ഥികൾക്ക് ഏഴര രൂപയും ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് അഞ്ചു രൂപയും പ്രൈമറി സ്ക്കൂൾ വിദ്യാർത്ഥികൾക്ക് മൂന്നര രൂപയും വച്ച് ,വിദ്യാർത്ഥികളുടെ എണ്ണം

LIBRARY ARCHIVES Kerala Legislative Assembly

കണക്കാക്കി ഗ്രാൻറ് നൽകുന്നുണ്ടെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ പ്രിവിലേജ് മോഷനു് വേദം പ്രകടിപ്പിച്ചുകൊണ്ടു് നൽകിയ ഉത്തരത്തിൽ 1984-ൽ എഡ്യൂക്കേഷൻ റൂംസിൽ നാലു ടോയ്ലറ്റുകൾ വരുത്തി 9-30 a. m. യിട്ടുണ്ടെന്നു് സമ്മതിച്ചുകൊണ്ടു് നാലു ടോയ്ലറ്റുകളും മേശപ്പുറത്തു് വച്ചിട്ടുണ്ടു്. അതിലൊന്നു് എസ്. ആർ. ഒ. 1587/84 ആണു്. പ്രസ്തുത ടോയ്ലറ്റുകളുടെ എക്സ്പ്ലനേറ്ററി നോട്ടിൽ Besides payment of grants to the manager for the purpose of petty construction and repaires of annual maintenance of school buildings, Government decided to make payment of grants for repaires and maintenance of compound walls, gates; school premises, play grounds and replacement of tube light and other electrical fittings എന്നു പറഞ്ഞിട്ടുണ്ടു്. എന്റെ ചോദ്യം ഇതാണു്. മുകളിൽ പറഞ്ഞ ടോയ്ലറ്റിയുടേയും എസ്. ആർ. ഒ. 15/1587/84-ലെ എക്സ്പ്ലനേറ്ററി നോട്ടിന്റെ ബലത്തിൽ വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നൽകിക്കൊണ്ടിരിക്കുന്ന മെയിൻറനൻസ് തുകയിൽ നിന്നും കൂടുതലായി ഒരു പൈസപോലും ചെലവായിട്ടില്ലെന്നു് ഗവൺമെൻറിനു് പറയാൻ കഴിയുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : നേരത്തേ ഉണ്ടായിരുന്ന മൂല നിയമത്തിൽ പറഞ്ഞിരിക്കുന്നതു് പെറ്റി വർക്സിനു് Petty construction and repaires of anual maintenance of School Building എന്നാണു്. അതിനകത്തു് ടോയ്ലറ്റി വരുത്തിയിട്ടു് ആ വ്യായിച്ച സെൻറൻസിന്റെ അവസാനമായിട്ടു് Including compound walls gates, wells, School premises, playgrounds and replacement of tube lights and other electrical fittings. എന്നുകൂടികൂട്ടി ചേർത്തിട്ടുണ്ടു്. മെയിൻറനൻസ് ഗ്രാൻറ് നൽകുന്നതു് കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണു്. കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്ന മെയിൻറനൻസ് ഗ്രാൻറ് ഉപയോഗിച്ചു് നടത്തുന്ന ജോലിയെ സംബന്ധിച്ചു് പെറ്റി വർക്സിൽ എന്തെല്ലാം വരുമോ അതിനെല്ലാമുള്ള ടോയ്ലറ്റുകളെ സംബന്ധിച്ചുള്ളതാണിതു്. ആ ടോയ്ലറ്റിയാണിവിടെ പ്രാബല്യത്തിൽ വരുത്തിയിരിക്കുന്നതു്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : മന്ത്രിയുടെ തിരുത്തിയ മറുപടിയിൽ ഒന്നാമതായി പറഞ്ഞിരിക്കുന്നതു് എനിക്കു് ഔദ്യോഗികമായി ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിലാണു് ഞാൻ മറുപടി നൽകിയതു് എന്നാണു്. 1984 ജൂൺ 11-ാം തീയതി പുറപ്പെടുവിച്ച ഗവൺമെൻറ് ഓർഡർ പ്രകാരം മെയിൻറനൻസ് ഗ്രാൻറ് വർദ്ധിപ്പിച്ചിട്ടുണ്ടു്. അതായതു് നേരത്തെയുള്ള റൂംസിൽ ആയിരം രൂപയാണു് പെറ്റി വർക്സിനുണ്ടായിരുന്നതു്. അതു് 2,500 രൂപയാക്കി വർദ്ധിപ്പിച്ചുകൊടുക്കുന്നതിൽ 1979-നു ശേഷം യാതൊരു വർദ്ധനവും വരുത്തിയിട്ടില്ലെന്നാണു് മന്ത്രി മറുപടി പറഞ്ഞതു്. അതുകൊണ്ടു് ഇപ്പോഴത്തെ മന്ത്രി നൽകിയിരിക്കുന്ന മറുപടി തെറ്റിദ്ധാരണാജനകമാണു്. മന്ത്രിക്കു് ഈ കാര്യത്തിൽ എന്താണു് മറുപടി പറയാനുള്ളതു്.

ശ്രീ. ടി. എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട വി. ജെ. തങ്കപ്പനും, വർക്കല രാധാകൃഷ്ണനും ഇതിൽ എന്തോ ദുരുദ്ദേശപരമായി ചെയ്തിട്ടുണ്ടെന്നു് പറഞ്ഞു. അതു് ശരിയല്ല. ഈ ടോയ്ലറ്റിയുടെ ഒറിജിനേഷൻ ബേബിജോൺ മന്ത്രിയായിരുന്ന കാലത്തു് നടന്നതാണു്. അദ്ദേഹവും പ്രൈവറ്റു് സ്കൂൾ മാനേജുമെൻറ്സ് അസോസിയേഷനും തമ്മിൽ നടത്തിയ ചർച്ചയിൽ അവർ ഇങ്ങനെയുള്ള ചില കാര്യങ്ങളും ചൂണ്ടിക്കാണിച്ചു. അതിനുശേഷം അദ്ദേഹം ഡി. പി. ഐ.യുടെ റിപ്പോർട്ടു് വാങ്ങി.

LIBRARY ARCHIVES Kerala Legislative Assembly

ഫിനാൻസ് ഡിപ്പാർട്ടുമെൻറ് ഇത് പരിശോധിച്ചു. അക്കൗണ്ടൻറ് ജനറലിൻെറ ചില ഒബ്ജക്ഷൻസിനെ സംബന്ധിച്ചിടത്തോളം ഇവർ കേസ് ക്കുകയും ചെയ്തു. ഇതിനെ സംബന്ധിച്ച് ശ്രീ. ബേബിജോൺ ഉത്തരവിടുന്നത് 12-6-1980-ലാണ്. അദ്ദേഹം എല്ലാ നടപടിച്ചട്ടങ്ങളും പരിശോധിച്ചതിനുശേഷമാണ് പെററി വർക്സിനെ സംബന്ധിച്ചുള്ള എക്സ്പ്ലനേഷൻ ആകാം എന്ന് പറഞ്ഞിട്ടുള്ളത് തികച്ചും ന്യായമായ ഒരു കാര്യമാണ്. അതിനുശേഷം ഇതിൻെറ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കുറേക്കൂടി താമസം വന്നു. നിയമസഭയുടെ സബ്ജക്ട് കമ്മിററി മുമ്പാകെ ഇത് പ്ലേസ് ചെയ്യുകയും സബ്ജക്ട് കമ്മിററി ഇത് പരിശോധിച്ചതിനുശേഷം മാത്രമാണ് ഈ റൂംസിൽ ഭേഗതി വരുത്തിക്കൊണ്ട് ഉത്തരവിടുകയും ചെയ്തത്. ബഹുമാനപ്പെട്ട രാധാകൃഷ്ണൻ സൂചിപ്പിച്ചത് ശരിയല്ല. അദ്ദേഹം പറഞ്ഞു ഇവിടെ വർദ്ധനവുണ്ടാക്കിയിട്ടുണ്ടെന്ന്. വർദ്ധനവുണ്ടാക്കിയിട്ടില്ല. ആയിരം രൂപയോ അതിനുതാഴെയോ ഉള്ളത് പെററി വർക്സിലാകാം എന്ന് പറഞ്ഞു. അത് വളരെ വർഷങ്ങൾക്കുമുമ്പു നിശ്ചയിച്ചിരുന്നതാണ്. അതിനുശേഷം പി. ഡബ്ല്യു. ഡി. എസ്ററിമേററ്സിൽ പല റിവിഷൻസും വരുത്തി. ആ സാഹചര്യത്തിൽ പെററി വർക്സിൻെറ എമൗണ്ട് ആയിരം രൂപ വരെ എന്നുള്ളത് 2,500 രൂപയാക്കി വർദ്ധിപ്പിച്ചു. അതുവഴി മെയിൻറനൻസ് ഗ്രാൻറിൻെറ തുകയിൽ വർദ്ധനവ് വരുന്നില്ല. മെയിൻറനൻസ് ഗ്രാൻറ് നൽകുന്നത് കുട്ടികളുടെ എഫക്ടീവ് സ്ട്രെംഗ്തിൻെറ അടിസ്ഥാനത്തിലാണ്. അതുവഴി ചെലവഴിക്കേണ്ട പണത്തെ സംബന്ധിച്ചും പെററിവർക്സിന് എത്ര എമൗണ്ടാകും, എന്തെല്ലാം കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കും എന്നുള്ളതിനെ സംബന്ധിച്ചും ഉള്ള നാല് ഭേഗതികളാണ് വരുത്തിയിരിക്കുന്നത്. യാതൊരു തരത്തിലുള്ള തെററിദ്ധാരണയും ഈ സഭയ്ക്കകത്തുണ്ടാക്കണമെന്ന് താല്പര്യമില്ല.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

തിരിച്ചുവരുന്ന ഗൾഫ് മലയാളികളുടെ പുനരധിവാസം

* 110. [115] ശ്രീ. സി. ടി. അഹമ്മദലി :
,, ഈ. ടി. മുഹമ്മദ് ബഷീർ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, നാലകത്ത് സൂപ്പി:
,, പി. വി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സഭയ്ക്ക് മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിവരുന്ന മലയാളികളെ പുനരധിവസിപ്പിക്കുവാൻ ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അവരെ പുനരധിവസിപ്പിക്കുവാൻ സത്വര നടപടികൾ ഗവൺമെൻറ് ഭാഗത്തുനിന്നും സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഇല്ല.

(ബി) ഇപ്പോൾ എന്തെങ്കിലും നടപടികൾ ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly